# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1651 | 01.11.2019-ൽ മറുപടിയ്ക്ക് |
|---|---|
| **പരിസ്ഥിതി സൗഹാർദ്ദ ബസ്സ് കാത്തിരിപ്പ് കേന്ദ്രങ്ങൾ** | |
| **ചോദ്യം** | **ഉത്തരം** |
| **ശ്രീ.വി.എസ്.ശിവകുമാർ** | **എ.സി.മൊയ്തീൻ**<br>**തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി** |

| | | | |
|---|---|---|---|
| (എ) | തിരുവനന്തപുരം നിയോജക മണ്ഡലത്തിലെ 16 പ്രദേശങ്ങളിൽ പരിസ്ഥിതി സൗഹാർദ്ദ ബസ്സ് കാത്തിരിപ്പ് കേന്ദ്രങ്ങൾ ആസ്തി വികസന സ്കീമിൽ നിന്നും തുക ചെലവഴിച്ച് നിർമ്മിക്കുന്നതിന് 27.02.2016 ൽ ഭരണാനുമതി ലഭിച്ചിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിന് നഗരസഭയിൽ നിന്നും അനുമതി ലഭ്യമാക്കുന്നതിനാവശ്യമായ അടിയന്തിര നിർദ്ദേശം നൽകുമോ; എങ്കിൽ വിശദമാക്കുമോ; | (എ) യും (ബി) യും | 16 പ്രദേശങ്ങളിൽ പരിസ്ഥിതി സൗഹാർദ്ദ ബസ്സ് കാത്തിരിപ്പ് കേന്ദ്രങ്ങൾ നിർമ്മിക്കുന്നതിന് നഗരസഭ കൗൺസിലിന്റെ അനുമതിയ്ക്കായി ശ്രീ.വി.എസ്.ശിവകുമാർ എം.എൽ.എ. യുടെ 20-08-2018-ലെ കത്ത് നഗരസഭയിൽ ലഭിച്ചിട്ടുണ്ട്. പ്രസ്തുത വിഷയം പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പരിഗണയ്ക്കായി സമർപ്പിക്കുകയും 06.06.2019-ലെ മരാമത്ത് കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം നമ്പർ II (20), പ്രകാരം സ്മാർട്ട് സിറ്റിയുമായി ബന്ധപ്പെട്ട് പരിസ്ഥിതി സൗഹൃദ ബസ് ഷെൽട്ടർ നിർമ്മാണ പ്രോജക്ട് നിലവിലുള്ള സാഹചര്യത്തിൽ ഇരട്ടിപ്പുണ്ടാകാൻ സാധ്യതയുള്ളതിനാൽ സ്മാർട്ട് സിറ്റി പ്രോജക്ട് നടപ്പിലാക്കുന്ന സ്ഥലങ്ങൾ ഏതൊക്കെയാണെന്ന് തീരുമാനിച്ചതിന് ശേഷം ടി വിഷയം പരിഗണിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ഭരണാനുമതി നൽകി മൂന്നുവർഷം പിന്നിട്ടിട്ടും അനുമതി ആവശ്യപ്പെട്ട് നിരന്തരം നൽകിയിട്ടുള്ള പ്രൊപ്പോസലുകൾ നഗരസഭയുടെ പരിഗണനയിലുണ്ടായിട്ടും ഇക്കാര്യത്തിൽ നഗരസഭ അനുമതി നൽകാത്തത് കണക്കിലെടുത്ത് തുക ലാപ്സായി പോകാതിരിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ? | | |

സെക്ഷൻ ഓഫീസർ